# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *470 — 22.03.2018- ൽ മറുപടിക്ക്

### നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ . വിജയൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ചെറുഘടകങ്ങൾ ഉല്പാദിപ്പിക്കാൻ വീടുകളിൽ സൗകര്യമൊരുക്കുന്ന തരത്തിൽ നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ നയം വിഭാവനം ചെയ്യുന്നുണ്ടോ; | എ) & ബി) | ഉണ്ട്. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും സാമൂഹിക ജീവിത സാഹചര്യവും കണക്കിലെടുക്കുമ്പോൾ നാനോ അഥവാ സൂക്ഷ്മ വ്യവസായ മേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ള 5 HP വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽപ്പെട്ടതുമായ വ്യവസായങ്ങളാണ് ഗാർഹിക നാനോ സംരംഭങ്ങൾ. ഉല്പാദക യൂണിറ്റുകൾ, ജോബ് വർക്കുകൾ ഏറ്റെടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലാണ് നാനോ സംരംഭങ്ങൾ വിഭാവനം ചെയ്യുന്നത്. ഇത്തരം സംരംഭങ്ങളിലെ ഉൽപന്നങ്ങളുടെ വിപണനം, വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലസ്റ്റർ മാതൃകയിൽ നടപ്പാക്കാൻ കഴിയുന്നതാണ്. |
| ബി) | ഇത്തരം യൂണിറ്റുകൾ ഏതൊക്കെ മേഖലകളിലാണ് ആരംഭിക്കുന്നതെന്നും ഉല്പന്നങ്ങളുടെ മാർക്കറ്റിംഗും വിതരണവും ഏത് തരത്തിൽ ആയിരിക്കുമെന്നും വ്യക്തമാക്കുമോ; | | |
| സി) | നാനോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ പ്രോത്സാഹന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി) & ഡി) | സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭങ്ങൾക്ക് വാർഷിക പലിശയിനത്തിൽ 6% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ / പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെയാണ്. 3 വർഷം വരെ ഇതേ രീതിയിൽ സബ്സിഡി നൽകുന്നു. വളരെ കുറഞ്ഞ മുതൽ മുടക്കിൽ വീട്ടമ്മമാരോ, കുടുംബാംഗങ്ങൾ കൂടിചേർന്നോ നടത്തുന്ന ഇത്തരം ഗാർഹിക സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ D & O ലൈസൻസ് ആവശ്യമില്ല. കൂടാതെ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ് / ഗ്രീൻ കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ ആയതിനാൽ പ്രസ്തുത ബോർഡിന്റെയും അനുമതി ആവശ്യമില്ല. |
| ഡി) | പ്രസ്തുത യൂണിറ്റുകൾക്ക് നിലവിലുള്ള വ്യവസ്ഥകളിൽ ഏതൊക്കെ തരത്തിലുള്ള ഇളവുകൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ